**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1106** **29-08-2022 - ൽ മറുപടിയ്ക്ക്**

**കേരള ജല അതോറിറ്റിയുടെ ഓൺലൈൻ സേവനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കേരള ജല അതോറിറ്റിയുടെ സേവനങ്ങൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത ഓൺലൈൻ സംവിധാനം സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; | (ബി) | കേരള വാട്ടർ അതോറിറ്റി എല്ലാ ഉപഭോക്തൃ സേവനങ്ങൾക്കും ഓൺലൈനായി അപേക്ഷിക്കുവാനുള്ള സൗകര്യം നിലവിൽ നടപ്പാക്കിയിട്ടുണ്ട്. പുതിയ കുടിവെള്ള കണക്ഷനും മലിനജല കണക്ഷനും ഓൺലൈനായി അപേക്ഷിക്കുവാനുള്ള സൗകര്യവും കൂടാതെ ഉടമസ്ഥാവകാശം മാറ്റൽ, മീറ്റർ മാറ്റിവയ്ക്കൽ, കണക്ഷൻ വിച്ഛേദിക്കുന്നത്, ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് അപേക്ഷ നല്കൽ തുടങ്ങിയ വാട്ടർ കണക്ഷനുമായി ബന്ധപ്പെട്ട ഉപഭോക്തൃ സേവനങ്ങൾക്ക് ഇപ്പോൾ ഓൺലൈനായി etapp.kwa.kerala.gov.in എന്ന പോർട്ടലിലൂടെ അപേക്ഷിക്കുവാൻ സാധിക്കുന്നതാണ്. കൂടാതെ വാട്ടർ ചാർജ്ജ് അടയ്ക്കുന്നതിനുള്ള ഓൺലൈൻ സംവിധാനവും നിലവിലുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ quick pay പോർട്ടലായ epay.kwa.kerala.gov.in വഴി ഓൺലൈനായി വാട്ടർ ചാർജ്ജ് അടയ്ക്കാവുന്നതാണ്.<br><br>ഉപഭോക്തൃ പരാതി പരിഹാരത്തിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന 1916 എന്ന ടോൾ ഫ്രീ കാൾ സെന്റർ കേന്ദ്ര കാര്യാലയത്തിൽ പ്രവർത്തിച്ചു വരുന്നു. കൂടാതെ അക്വാലൂം (aqualoom.kwa.kerala.gov.in) എന്ന വെബ് പോർട്ടൽ വഴിയും ഉപഭോക്താക്കൾക്ക് അവരുടെ പരാതികൾ അറിയിക്കാവുന്നതാണ്. ഇത്തരത്തിൽ സമർപ്പിക്കപ്പെടുന്ന പരാതികൾ സമയബന്ധിതമായി പരിശോധിച്ച് പരിഹാരം ഏർപ്പെടുത്തി ഉപഭോക്താക്കളെ അറിയിക്കുന്നുണ്ട്. വെബ് പോർട്ടൽ വഴിയും SMS മുഖേനയും |

| | | | |
|---|---|---|---|
| | | | സമർപ്പിക്കപ്പെടുന്ന പരാതികളുടെ തൽസ്ഥിതി ഉപഭോക്താക്കളെ അറിയിക്കുന്നുണ്ട്. ഈ സേവനങ്ങളെല്ലാം ഓൺലൈൻ-നായി നടപ്പിലാക്കിയതോടെ ഉപഭോക്താക്കൾക്ക് വാട്ടർ അതോറിറ്റി ഓഫീസുകൾ നേരിട്ട് സന്ദർശിക്കേണ്ട ആവശ്യം വരുന്നില്ല. |
| (സി) | ജല അതോറിറ്റിയുടെ ഗ്രാമപ്രദേശങ്ങളിലെ ഓഫീസുകളിൽ എത്തുന്ന ഉപഭോക്താക്കൾക്ക്, നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള ഓൺലൈൻ സംവിധാനത്തെ കുറിച്ചുള്ള ധാരണക്കുറവ് മൂലം ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നത് പരിഹരിക്കാനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്താണെന്ന് വിശദമാക്കാമോ? | (സി) | കേരള വാട്ടർ അതോറിറ്റിയുടെ ഓൺലൈൻ സേവനങ്ങളെക്കുറിച്ച് ഉപഭോക്താക്കളെ അറിയിക്കുവാൻ ദിനപത്രങ്ങളിലൂടെയും സമൂഹമാധ്യമങ്ങളിലൂടെയും വിപുലമായ പ്രചാരണം നടത്തിയിട്ടുണ്ട്. സെക്ഷൻ ഓഫീസുകളിൽ ഇത്തരത്തിലുള്ള ഓൺലൈൻ സേവനങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്ക് വേണ്ടത്ര അവബോധം നടത്തുന്നതിന് നിർദ്ദേശം നല്കിയിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ ഫീൽഡ് ഓഫീസുകൾ സന്ദർശിക്കാതെ തന്നെ അടുത്തുള്ള ജനസേവനകേന്ദ്രങ്ങൾ/ അക്ഷയ കേന്ദ്രങ്ങൾ വഴി ഉപഭോക്താക്കൾക്ക് കേരള വാട്ടർ അതോറിറ്റിയുടെ സേവനങ്ങൾ ഉപയോഗപ്പെടുത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ